**പതിമൂന്നാം കേരള നിയമസഭ**
**അഞ്ചാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 3279 25.06.2012 ൽ മറുപടിയ്ക്ക്

**പരിസ്ഥിതി ആഘാത നിർണ്ണയ അതോറിറ്റി**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.റോഷി അഗസ്റ്റിൻ<br>ശ്രീ.പി.സി.ജോർജ്<br>ഡോ.എൻ.ജയരാജ്<br>ശ്രീ.എം.വി.ശ്രേയാംസ് കുമാർ | ഉമ്മൻ ചാണ്ടി<br>(മുഖ്യമന്ത്രി) |
| (എ) പരിസ്ഥിതി ആഘാത നിർണ്ണയ അതോറിറ്റി രൂപീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം നൽകുമോ; | (എ) കേന്ദ്ര സർക്കാരിന്റെ പരിസ്ഥിതി വനം മന്ത്രാലയം 03.11.2011 ൽ പുറപ്പെടുവിച്ച എസ്.ഒ. 2484 (ഇ) വിജ്ഞാപന പ്രകാരം കേരള സംസ്ഥാന പരിസ്ഥിതി ആഘാത നിർണ്ണയ അതോറിറ്റി രൂപീകരിച്ചിട്ടുണ്ട്. പ്രസ്തുത വിജ്ഞാപനം 19.12.2011 ലെ സർക്കാർ ഉത്തരവ് (എം.എസ്) 08/11/പരി പ്രകാരം പുനഃപ്രസിദ്ധീകരിച്ചിട്ടുണ്ട്. |
| (ബി) ഉണ്ടെങ്കിൽ പ്രസ്തുത അതോറിറ്റിയുടെ ഉദ്ദേശ ലക്ഷ്യങ്ങൾ, ഘടന എന്നിവ വിശദമാക്കുമോ; | (ബി) കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയം 2006 സെപ്റ്റംബർ 14-ാം തീയതി പുറപ്പെടുവിച്ചിട്ടുള്ള എസ്.ഒ.1533 (ഇ) വിജ്ഞാപന പ്രകാരം മുൻകൂർ പാരിസ്ഥിതികാനുമതി നൽകുന്നത് സംബന്ധിച്ച കാര്യങ്ങൾക്ക് സംസ്ഥാനതല പരിസ്ഥിതി ആഘാത നിർണ്ണയ അതോറിറ്റി അധികാരപ്പെട്ടിരിക്കുന്നു. ഡോ. എ.ഇ. മുത്തുനായകം ചെയർമാനും, പ്രൊഫ: കെ.പി.ജോയി മെമ്പറും പരിസ്ഥിതി വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി, മെമ്പർ സെക്രട്ടറിയും എന്നതാണ് ഇതിന്റെ ഘടന. |
| (സി) പ്രസ്തുത അതോറിറ്റിയുടെ പ്രവർത്തനം ശക്തിപ്പെടുത്തുന്നതിന് നിലവിൽ എന്തെല്ലാം നടപടികൾ കൈക്കൊണ്ടിട്ടുണ്ട്; വിശദമാക്കുമോ; | (സി) പ്രസ്തുത അതോറിറ്റിയുടെ പ്രവർത്തനങ്ങൾക്ക് സഹായകമായി മേൽപ്പറഞ്ഞ വിജ്ഞാപനത്തിലൂടെ തന്നെ കേന്ദ്ര സർക്കാർ 14 അംഗ കേരള സംസ്ഥാന തല വിദഗ്ദ്ധ വിലയിരുത്തൽ സമിതിയും രൂപീകരിച്ചിട്ടുണ്ട്. ഈ സമിതിയുടെ സെക്രട്ടറി, പരിസ്ഥിതി കാലാവസ്ഥാ വ്യതിയാന വകുപ്പ് ഡയറക്ടർ ആണ്. |

| | | | |
|---|---|---|---|
| (ഡി) | സംസ്ഥാനത്ത് സുസജ്ജ മായ പരിസ്ഥിതി ആഘാത നിർണ്ണയ അതോറിറ്റിയുടെ പ്രവർത്തനം ഉറപ്പു വരു ത്തുവാൻ നടപടി സ്വീകരി ക്കുമോ ? | (ഡി) | കേരള സംസ്ഥാനതല പരിസ്ഥിതി ആഘാത നിർണ്ണയ അതോറിറ്റിയുടെയും, സംസ്ഥാനതല വിദഗ്ദ്ധ വിലയിരുത്തൽ സമിതിയുടെയും സെക്രട്ടേറിയറ്റായി സംസ്ഥാന പരിസ്ഥിതി കാലാവസ്ഥാ വ്യതി യാന വകുപ്പ് ഡയറക്ടറേറ്റിനെ 11.02.2012 ലെ സർക്കാർ ഉത്തരവ് നമ്പർ (എം.എസ്) 02/2012/പരി പ്രകാരം ചുമ തലപ്പെടുത്തിയിട്ടുണ്ട്. പരിസ്ഥിതി (സംര ക്ഷണം) നിയമത്തിൻ കീഴിലുള്ള വിജ്ഞാ പന പ്രകാരം സ്ഥാപിതമായ ഈ നിയമാ നുസൃത സംവിധാനങ്ങൾ ഉദ്ദിഷ്ഠ രീതി യിൽ പ്രവർത്തിക്കാനാവശ്യമായ എല്ലാ സംവിധാനങ്ങളും സർക്കാർ ഒരുക്കിയിട്ടു ണ്ട്. |

സെക്ഷൻ ഓഫീസർ